"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളുടെ സമാപ്തീകരണ നടപടികളുമായി ബന്ധപ്പെട്ട സഹകരണ സംഘം രജിസ്ട്രാരുടെ ഉത്തരവ് മത്സ്യബന്ധന വകുപ്പിൽ ബാധകമാക്കിയും കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ഡി.എഫ് (ഡി) 190 / 93 - ലിക്വിഡേറ്ററുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച്, നടപടികൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.355/2026/F&P തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 05.02.2026, 21.03.2026 തീയതികളിലെ DFTVM/143/2026-F2 നമ്പർ കത്തുകൾ.

2. സഹകരണ സംഘം രജിസ്ട്രാറുടെ 16.09.2025 ലെ 29/2025-ാം നമ്പർ സർക്കുലർ.

3. സഹകരണ സംഘം രജിസ്ട്രാറുടെ 02-03-2026 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

വിവിധ കാരണങ്ങളാൽ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കാത്ത നിരവധി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ ഫിഷറീസ് വകുപ്പിലും ഉള്ളതിനാൽ പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളുടെ സമാപ്തീകരണ നടപടികളുമായി ബന്ധപ്പെട്ട സഹകരണ സംഘം രജിസ്ട്രാരുടെ പരാമർശം 3 ലെ ഉത്തരവ് മത്സ്യബന്ധന വകുപ്പിലും ബാധകമാക്കണമെന്നും കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.എഫ് (ഡി) 190/93 — ന്റെ സമാപ്തീകരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. നിലവിൽ ലിക്വിഡേറ്ററുടെ കാലാവധി 30.12.2025 ന് അവസാനിച്ചിരിക്കുകയാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമപരമായ വ്യവസ്ഥകൾ പരിഗണിച്ച്, കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ഡി.എഫ് (ഡി) 190/93-ന്റെ ലിക്വിഡേറ്ററുടെ കാലാവധി ഒരു വർഷത്തേക്ക് (31.12.2026 വരെ മാത്രം) ദീർഘിപ്പിച്ച്, നടപടികൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (3) ലെ ഉത്തരവ് ഫിഷറീസ്

വകുപ്പിൽ ബാധകമാക്കിയും ഉത്തരവാകുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സമാപ്തീകരണ നടപടികൾ പൂർത്തിയാകാത്ത മറ്റ് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിലെ ലിക്വിഡേറ്റർമാരുടെ നിയമനം/പുനർനിയമനം സംബന്ധിച്ച തുടർനടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

3) കൂടാതെ അനുവദിച്ച കാലാവധിക്കുള്ളിൽ തന്നെ **(31.12.2026-നകം)** ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനും, സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (2) സർക്കുലർ പ്രകാരം ലിക്വിഡേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ഫിഷറീസ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ആക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ , വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി3/38/2026/മതുവ).

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju
Date: 23-06-2026 11:22:49
സെക്ഷൻ ഓഫീസർ